# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4840.

26/06/2019 -ൽ മറുപടിക്ക്

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷാ സംവിധാനത്തിൽ സമൂല മാറ്റം**

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**

**മറുപടി**

**ഡോ.കെ.ടി.ജലീൽ**
**(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആന്തരിക തുടർ മൂല്യനിർണ്ണയത്തിന് കൂടുതൽ പ്രാധാന്യം നൽകി പരീക്ഷാ സംവിധാനത്തിൽ സമൂല മാറ്റം വരുത്തണമെന്ന് യു.ജി.സി നിയോഗിച്ച വിദഗ്ധ സമിതി ശിപാർശ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; (സി) വിദ്യാർത്ഥികൾ ആഗ്രഹിക്കുന്ന പരീക്ഷ എഴുതുവാൻ അനുവദിക്കുക, പരീക്ഷ തട്ടിപ്പ് തടയുവാൻ ഹാൾടിക്കറ്റിൽ ബാർ കോഡ് രേഖപ്പെടുത്തുക, ചോദ്യ പേപ്പർ പരീക്ഷയ്ക്ക് തൊട്ട് മുമ്പ് ഓൺലൈനായി പരീക്ഷ സെന്ററിലേക്ക് അയച്ചുകൊടുക്കുക, എന്നീ ശിപാർശകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ബി) യും (സി)യും | ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പുതുക്കിയ സിലബസ്, പുറമേ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് വർക്ക് ഷോപ്പുകൾ/ശിൽപശാലകൾ, ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് സിസ്റ്റം, ഔട്ട് കം ബേസ്ഡ് എഡ്യുക്കേഷൻ എന്നിവ അവയിൽ ചിലതാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 2017 അദ്ധ്യയന വർഷം മുതൽ പ്രവേശനം നൽകിയിട്ടുള്ള സർവ്വകലാശാലാ പഠന വകുപ്പുകളിലെ എല്ലാ പി.ജി.പരീക്ഷകളും തുടർമൂല്യ നിർണ്ണയത്തിന് പ്രാധാന്യം നൽകി പൂർണ്ണമായും ഇന്റേണൽ ആക്കിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് അവർക്ക് താൽപര്യമുള്ള വിഷയങ്ങൾ മാതൃവകുപ്പിന്റെ പുറമെ നിന്നുള്ള ഡിപ്പാർട്ട്മെന്റിൽ നിന്ന് തെരഞ്ഞെടുത്ത് പഠിക്കുവാൻ സാധിക്കും. എം.ജി. സർവ്വകലാശാലയിൽ സപ്ലിമെന്ററി മേഴ്സി ചാൻസ്, സ്പെഷ്യൽ & സ്പെഷ്യൽ മേഴ്സി ചാൻസ് എന്നിവയിലൂടെ വിദ്യാർത്ഥികൾ ആഗ്രഹിക്കുന്ന പരീക്ഷ എഴുതുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. |

എം.ജി.സർവ്വകലാശാലയിൽ ഓൺലൈനായി ചോദ്യ പേപ്പറുകൾ പ്രിൻസിപ്പൽമാർക്ക് ലഭ്യമാക്കി നടത്തുന്ന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. നിലവിലെ വിദ്യാർത്ഥികളുടെ റെഗുലർ പരീക്ഷകൾ അപ്രകാരമാണ് നടത്തിയത്. കേരള സർവ്വകലാശാലയിൽ B.Ed (Special Education), MCA, BASLP, MASLP, B.Com (HI), B.Sc.Computer Science, BFA (HI), BPED, MPE, B-Arch, BHMCT, M.Ed (Special Education) തുടങ്ങിയ പരീക്ഷകൾ ഓൺലൈനായി നടത്തുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഓൺ ലൈനായി ചോദ്യപേപ്പറുകൾ നൽകുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**